**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3242** **26-06-2024 - ൽ മറുപടിയ്ക്ക്**

**ബീച്ച് ഇക്കോ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബീച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യതകൾ സംബന്ധിച്ച് വകുപ്പ് പഠനങ്ങളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ബീച്ച് ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി ആലപ്പുഴ പുന്നപ്രയിലെ പുറക്കാട്ട് 'ആലപ്പുഴ പുറക്കാട് തീരമേഖലയിലെ കാറ്റാടിമരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച വിലയിരുത്തൽ സാധ്യമാവുമെന്നാണ് പ്രതീക്ഷ.** |
| (ബി) | വനം-വന്യജീവി വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി സഹകരിച്ച് വനത്തിന് പുറത്ത് ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം പദ്ധതികൾ ആരംഭിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; ഏതൊക്കെ ബീച്ചുകളിലും പരിസരങ്ങളിലുമാണ് ഇക്കോ ടൂറിസം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 16.09.2023ലെ സ. ഉ. (സാധാ.) 477/2023/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം **ആലപ്പുഴ പുന്നപ്രയിലെ പുറക്കാട്ട് 'ആലപ്പുഴ പുറക്കാട് തീരമേഖലയിലെ കാറ്റാടിമരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി'ക്ക് 41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വനം, വന്യജീവി വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം (ആലപ്പുഴ) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.**<br><br>**എറണാകുളം ജില്ലയിലെ വൈപ്പിനിൽ ഇത്തരം പദ്ധതി നടപ്പാക്കാനുള്ള സാധ്യത പരിഗണനയിലുണ്ട്.** |
| (സി) | ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണോ ഇത്തരം ബീച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | വിനോദ സഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് നിലവിൽ ബീച്ച് ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നത്. വനമേഖലയ്ക്കു പുറത്ത് **സാമൂഹിക വനവൽക്കരണ വിഭാഗം പരിപാലിക്കുന്ന തോട്ടങ്ങൾ മാലിന്യ വിമുക്തമാക്കുക, വനസമ്പത്ത് വർധിപ്പിക്കുക, തദ്ദേശവാസികൾക്കു തൊഴിലവസരം സൃഷ്ടിക്കുക, പ്രദേശവാസികളായ സ്ത്രീകൾക്ക് അധികവരുമാനത്തിനുള്ള അവസരം ഒരുക്കുക തുടങ്ങിയവയാണ് ബീച്ച് ഇക്കോടൂറിസം പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.** |

സെക്ഷൻ ഓഫീസർ